# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 28 — 27-02-2017 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ.സണ്ണി ജോസഫ്**
**" വി.ഡി. സതീശൻ**

**മറുപടി**

**ശ്രീ.പിണറായി വിജയൻ**
ബഹു.മുഖ്യമന്ത്രി

### കേന്ദ്ര ബജറ്റിൽ കേരളത്തിനുള്ള പരിഗണന

| | | |
|---|---|---|
| (എ) | 2017-18ലെ കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാൻ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്; | റെയിൽവേ, എയിംസ്, ഫാക്ടിന്റെ പുനരുജ്ജീവനം ഉൾപ്പെടെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച പ്രധാന പദ്ധതികളും ആവശ്യങ്ങളും അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് യഥാസമയം സമർപ്പിച്ചിരുന്നുവെങ്കിലും ഇതിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ല. ഈ വിഷയങ്ങൾ വിവിധ ഘട്ടങ്ങളിലായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സുപ്രധാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും വേണ്ട നടപടികൾ തുടർന്നും സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിൽ ഏതൊക്കെ ആവശ്യങ്ങൾ അംഗീകരിച്ചുവെന്നും, കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചുവെന്നും വിശദമാക്കുമോ; | |
| (സി) | ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പൂർണ്ണമായും അവഗണിച്ചു എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനാസ്പദമായ കാര്യങ്ങൾ വിശദമാക്കുമോ; | |
| (ഡി) | കേന്ദ്ര അവഗണന സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ടോ? | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**റെയിൽവേ**

- ഗുരുവായൂർ- തിരുനാവായ റെയിൽ പാതയുടെ നിർമ്മാണം.
- കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ റെയിൽവേ സ്റ്റേഷൻ സ്ഥാപിക്കൽ.
- പാലക്കാട് റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കൽ
- കൊച്ചി-മധുരൈ റെയിൽ പാത നിർമ്മാണം.
- തലശ്ശേരി- മൈസൂർ റെയിൽവേ പാതയുടെ സാദ്ധ്യത പഠനം.
- 2011-12-ൽ കേന്ദ്ര റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ചേർത്തലയിലെ വാഗൺ നിർമ്മാണ ഫാക്ടറി.
- ശബരിമല തീർത്ഥാടന കാലത്തിന് മുമ്പായി പുനലൂർ-ചെങ്കോട്ട റെയിൽവേ ഗേജ് മാറ്റം പൂർത്തിയാക്കൽ

**എയിംസ്**

- കോഴിക്കോട് ജില്ലയിലെ കിനാലൂർ, തിരുവനന്തപുരം ജില്ലയിലുള്ള നെട്ടുകാൽത്തേരി, കോട്ടയം മെഡിക്കൽ കോളേജ് കാമ്പസ്, എറണാകുളം ജില്ലയിലെ കളമശ്ശേരി, എന്നിവിടങ്ങളിൽ എയിംസ് (AIIMS) സ്ഥാപിക്കുന്നതിനായി സ്ഥലങ്ങൾ കണ്ടെത്തി കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ള നിർദ്ദേശം.

**ദേശീയ പാത**

- ഇടപ്പള്ളി-അരൂർ-ചേർത്തല പാതകളെ ദേശീയ പാത വികസന പദ്ധതിയുടെ ഭാഗമാക്കി മാറ്റൽ

**മറ്റിനങ്ങൾ**

- ആസിയാൻ രാജ്യങ്ങളുമായുള്ള പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കൂടിയാലോചനകളിൽ സംസ്ഥാന പ്രതിനിധിയെ കൂടി ഉൾപ്പെടുത്തൽ.
- കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ അഡ്വാൻസ്ഡ് ടെക്നോളജി സെന്റർ സ്ഥാപിക്കൽ
- പൊതുവിതരണ സംവിധാനം വഴി മീൻപിടുത്തത്തിനായി പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് നിലവിലുള്ള 2525 KL ആയി തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- മത്സ്യഫെഡിന്റെ കീഴിലെ നിലവിലുള്ള 13 പെട്രോൾ ബങ്കുകളിൽ ആവശ്യമായ അളവിൽ കൃത്യസമയത്ത് മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സ്വതന്ത്ര സംരംഭമാക്കുന്നതിനും പ്രസ്തുത സംരംഭത്തിന്റെ കടബാദ്ധ്യത തീർക്കുന്നതിനും നവീകരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കൽ.
- തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കൽ.

- തിരുവനന്തപുരത്ത് പ്ലാസ്റ്റിക്ക് പാർക്ക് സ്ഥാപിക്കൽ.
- കൊച്ചിയിൽ ഫാർമ പാർക്ക് സ്ഥാപിക്കൽ.
- കൊച്ചിയിൽ പെട്രോ-കെമിക്കൽ പാർക്ക് സ്ഥാപിക്കൽ.
- ഫാക്ട് (FACT)നെ ശക്തിപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഫലപ്രദവും ചെലവു കുറഞ്ഞതുമായ യൂറിയ പ്ലാന്റ് സ്ഥാപിക്കൽ.
- കൊച്ചിയിൽ HOCL (Hindustan Organic Chemicals Limited) യൂണിറ്റ് നിർത്തലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കൽ
- ഡിജിറ്റൽ ലിറ്ററസി ക്യാമ്പയിൻ, സ്ക്കൂളുകളിലെ ഇലക്ട്രോണിക് ആന്റ് ഐ.റ്റി ഇന്നവേഷൻ ലബോറട്ടറികൾ എന്നിവയ്ക്കു വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം.
- ധന ഉത്തരവാദിത്ത ബജറ്റ് മാനേജ്മെന്റ് ആക്റ്റ് ഭേദഗതി ചെയ്തു കൊണ്ട് വായ്പാ പരിധി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലെ 3 ശതമാനത്തിൽ നിന്നും 4 ശതമാനമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- നോട്ട് അസാധുവാക്കലിന്റെ ഫലമായി മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചയിൽ ഉണ്ടായ മുരടിപ്പ് കണക്കിലെടുത്ത് കൊണ്ട് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിക്ഷേപത്തിനായി ഒരു സാമ്പത്തിക ഉദ്ദീപന പാക്കേജ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (MGNREG) പദ്ധതിക്കായുള്ള വിഹിതം 100 പ്രവൃത്തി ദിനങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള നടപടി കൈകൊള്ളൽ.
- നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്തിന്റെ അസംഘടിത സഹകരണ മേഖലകളിൽ ഉണ്ടായ തളർച്ചയെ നേരിടുന്നതിനും പ്രസ്തുത മേഖലകളെ സാധാരണ ഗതിയിലാക്കുന്നതിനുമുള്ള നടപടി കൈക്കൊള്ളൽ.
- റബ്ബർ കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരത പദ്ധതിയ്ക്ക് വേണ്ടുന്ന കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് കേന്ദ്രസഹായ പദ്ധതികൾ എന്നിവയ്ക്കുള്ള കേന്ദ്രവിഹിതം സമയബന്ധിതമായി അനുവദിക്കുന്നതിനും പ്രസ്തുത പദ്ധതികളിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ ലഘൂകരിക്കുന്നതിനുമായുള്ള നടപടി സ്വീകരിക്കൽ.

**സെക്ഷൻ ഓഫീസർ**